(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ജീവനക്കാരെ ആരെയും സസ്പെൻഡ് ചെയ്തിട്ടില്ല.

(സി) Kerala Government Servants Conduct Rules, Kerala Civil Services (Classification, Control & Appeal) Rules എന്നിവ പ്രകാരം അച്ചടക്ക നടപടി എടുക്കാവുന്നതാണ്.

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ വ്യവസ്ഥകൾ ഉണ്ട്.

മംഗല്യ നിധി

127 (4118) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗല്യനിധിയിലേക്ക് ധനസമാഹരണം നടത്തുന്നത് എങ്ങനെയൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് പ്രബല്യത്തിൽ വന്നത് ; നാളിതുവരെ ഇതിലേക്കായി എത്ര തുക സമാഹരിക്കുവാൻ സാധിച്ചു ;

(സി) എത്ര രൂപയാണ് ഓരോരുത്തർക്കും പ്രസ്തുത നിധിയിൽനിന്നും സഹായമായി നല്കിവരുന്നതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര പേർക്ക് സഹായം നല്കിയെന്നും ഇതിനായി ആകെ എത്ര രൂപ ചെലവായിയെന്നും അറിയിക്കാമോ ?

ഉത്തരം

(എ-ഇ) 2013-ലെ ധനകാര്യ ആക്ട് പ്രകാരം സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായാണ് മംഗല്യനിധി പദ്ധതി രൂപീകരിച്ചത്. ഇതിനാവശ്യമായ ഫണ്ട് മംഗല്യനിധി സെസ്സായി പിരിക്കാൻ ധനകാര്യ നിയമം 2013 പ്രകാരം വ്യവസ്ഥ ചെയ്തു. പ്രസ്തുത വ്യവസ്ഥ പ്രകാരം മംഗല്യ നിധി സെസ്സ് ചട്ടം 23-7-2013-ൽ പ്രാബല്യത്തിൽ വന്നു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ 500 ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ആഡിറ്റോറിയത്തിലോ വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽ നിന്നാണ് ഈ സെസ്സ് ഈടാക്കിയിരുന്നത്. 23-7-2013 മുതൽ 31-3-2014 വരെ മംഗല്യ നിധി സെസ്സായി 4.10 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ധാരാളം റിട്ട് പെറ്റീഷനുകൾ [W.P.(C) Nos.4555/2014-T, 23476/2013-H, 26933/2013-N, 27851/2013-F etc.] ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനുകളുടെ അഡ്മിഷൻ സ്റ്റേജിൽ തന്നെ മംഗല്യ നിധി സെസ്സ് പിരിക്കുന്നത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തു. തുടർന്ന് 26-8-2014-ലെ അന്തിമവിധി ന്യായത്തിൽ മംഗല്യനിധി സെസ്സ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചുകൊണ്ട് റദ്ദാക്കി. പ്രസ്തുത വിധിന്യായത്തിൽ നാളിതുവരെ പിരിച്ചെടുത്ത തുക ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാനും വിവാഹപാർട്ടികളിൽനിന്നും ഈടാക്കാതെ ഹോട്ടലുകളോ, ഓഡിറ്റോറിയങ്ങളോ ഒടുക്കിയ ലെവി അവർക്കുതന്നെ മടക്കിനല്കുവാനും ബഹു. ഹൈക്കോടതി വിധിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം റദ്ദാക്കിയതിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുവാനുള്ള നടപടി എടുത്തുവരുന്നു.

ആസ്തിവികസന ഫണ്ട് പ്രകാരം നീക്കിവച്ചിട്ടുള്ള തുക

128 (4119) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജക മണ്ഡലത്തിലേക്ക് ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് ആകെ നീക്കവച്ചിട്ടുള്ളത് എന്നും അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നും അതിൽ ഓരോ പ്രവൃത്തിക്കും എത്ര തുകയാണെന്നും ഇനി പ്രസ്തുത ഫണ്ടിൽ എത്ര തുക അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

11-6-2012-ലെ G.O(P) No.332/12/ധന സർക്കാർ ഉത്തരവ് പ്രകാരമാണ് ആസ്തി വികസന പദ്ധതിയ്ക്ക്* രൂപം നൽകിയിട്ടുള്ളത്. 2012-13, 2013-14 വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ആസ്തി വികസന പദ്ധതിയിൻ കീഴിൽ ബജറ്റിൽ വകയിരുത്തുന്ന തുക അതാതു വർഷത്തെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുള്ളതാണ്. എന്നിരിക്കിലും 2013-14 സാമ്പത്തിക വർഷത്തിൽ നിയമസഭാ സാമാജികർ നിർദ്ദേശിച്ചതും 2014 മാർച്ച് 31-ന് മുമ്പ് ഭരണാനുമതി ലഭിക്കാതെയും അവശേഷിക്കുന്ന പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിന്റെ കാലപരിധി പരിഗണിക്കാതെ തന്നെ 2014-15 വർഷത്തിൽ ഭരണാനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ധനാനുമതിക്കായി പ്രവൃത്തി നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly